വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ, 2016 -ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ, 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകളും അതിനോട് അനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമിതി ചെയർമാന്റെ അഭാവത്തിൽ സമിതി യോഗ തീരുമാനപ്രകാരം എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 5 മുതൽ 7 വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 5 മുതൽ 7 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

### 2016-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ: സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് അതിന്റെ ചട്ടത്തിൽ എസ്.ആർ.ഒ. നമ്പർ 786/2016, 26-12-2016-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. റദ്ദാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

നിലവിലുള്ള ചട്ടപ്രകാരം ഈ കമ്മിറ്റിയിലെ അംഗങ്ങൾ, അദ്ധ്യക്ഷനും മറ്റ് അംഗങ്ങളും അവരുടെ നിയമന തീയതി മുതൽ രണ്ട് വർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കാവുന്നതാണ് എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കമ്മിറ്റിയിലെ അദ്ധ്യക്ഷനും അംഗങ്ങൾക്കും സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതാണ്. ഇത് രണ്ടും നിലനിൽക്കുകയാണ്. ഇത് പരസ്പര വിരുദ്ധമാണ്. ഒന്നിൽ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly